# ആസ്പെക്ട് - മാതൃകാ ചോദ്യങ്ങൾ

1. ബൈബിൾ ഇന്നത്തെ രൂപത്തിൽ കൂട്ടിച്ചേർത്തത് ആരാണ്? എപ്പോഴാണ്? (പേജ്11-13)
2. ആദം, ഹവ്വ എന്നിവർ വ്യക്തികളാണോ പ്രതീകങ്ങളാണോ എന്ന സംശയം എങ്ങനെ ദൂരീകരിക്കാം? (പേജ് 15-16)
3. ദൈവം ആദ്യം ആദത്തേയും ഹവ്വായേയും സൃഷ്ടിച്ചു അവരിൽ നിന്ന് രണ്ടു മക്കൾ. കായേൻ ആബേലിനെ കൊന്നു. അപ്പോൾ പുതുതലമുറ എങ്ങനെയുണ്ടായി. പഴയ നിയമ ചരിത്രത്തിലെ ആദത്തിന്റെയും ഹവ്വയുടെയും സംഭവങ്ങൾ യാഥാർത്ഥ്യമാണോ? (പേജ് 18-19)
4. ആദത്തിന്റെയും ഹവ്വയുടെയും മക്കൾ തമ്മിൽ വിവാഹബന്ധത്തിൽ ഏർപ്പെട്ടു. ഇത് സഭയുടെ പഠനങ്ങൾക്ക് വിരുദ്ധമല്ലേ? (പേജ് 19-20)
5. ദൈവം യാക്കോബിനെ സ്നേഹിക്കുന്നു; ഏസാവിനെ വെറുക്കുന്നു എന്തുകൊണ്ട്? എന്തുകൊണ്ടാണ് കരുണാമയനായ ദൈവം ഏസാവിനു പകരം യാക്കോബിനെ അനുഗ്രഹിച്ചത്? (പേജ് 22-23)
6. സങ്കീർത്തനപുസ്തകം എഴുതിയതാര്? (പേജ് 24-25)
7. വിശുദ്ധ ബൈബിളിൽ എസ്തേറിന്റെ പുസ്തകം അദ്ധ്യായങ്ങൾ ക്രമം തെറ്റി എഴുതിയിരിക്കുന്നത് എന്തുകൊണ്ട്? (പേജ് 25)
8. പഴയനിയമവും പുതിയനിയമവും തമ്മിലുള്ള വ്യത്യാസം എന്ത്? (പേജ് 25-27)
9. വിശുദ്ധ ബൈബിളിലെ നാല് സുവിശേഷങ്ങളിലും യേശുവിന്റെ രക്ഷാകരചരിത്രത്തെ തന്നെയാണ് പ്രതിപാദിച്ചിരിക്കുന്നത്. അതുകൊണ്ട് ഏതെങ്കിലും ഒരു സുവിശേഷം നൽകിയാൽ പോരെ? (പേജ് 29-31)
10. വി. മർക്കോസിന്റെ സുവിശേഷം ആദ്യത്തെ സുവിശേഷമാണല്ലോ! ഇത് ബൈബിളിൽ രണ്ടാമത് രേഖപ്പെടുത്തുവാൻ കാരണമെന്ത്? (പേജ് 31-32)
11. 'ഉള്ളവന് വീണ്ടും നല്കപ്പെടും ഇല്ലാത്തവനിൽ നിന്ന് ഉള്ളതു കൂടി എടുക്കപ്പെടും' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്താണ്? (പേജ് 37-38)
12. 'ഞാൻ ഭൂമിയിൽ സമാധാനമല്ല വാളാണ് കൊണ്ടുവന്നിരിക്കുന്നത്' എന്ന് യേശു പറയുന്നത് എന്തുകൊണ്ട്? (പേജ് 40-42)
13. ഉപ്പ് ഉറകെട്ടുപോകുമോ? അതിന്റെ തനിമ നഷ്ടപ്പെടുമോ? (പേജ് 42-43)
14. തിരുവിലാവിൽ നിന്നൊഴുകിയ രക്തവും വെള്ളവും എന്തിനെ സൂചിപ്പിക്കുന്നു? (പേജ് 45)
15. ദൈവം പുരുഷനോ സ്ത്രീയോ? (പേജ് 93)
16. പരിശുദ്ധ ത്രിത്വത്തെ ഉദാഹരണ സഹിതം എങ്ങനെ വിശദമാക്കാം? (പേജ് 95-96)
17. പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്ന ത്രിയേക ദൈവത്തെക്കുറിച്ച് ബൈബിളിൽ പ്രതിപാദിക്കുന്നുണ്ടോ? പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നീ മൂന്ന് വ്യത്യസ്ഥ വ്യക്തികൾ ഏക ദൈവമാകുന്നതെങ്ങനെ? (പേജ് 98-99)
18. പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നത് ഒരേയാളെയാണ് അവതരിപ്പിക്കുന്നതെങ്കിൽ പിന്നെ പിതാവ് പുത്രനിൽ സംപ്രീതനായി എന്ന് എങ്ങനെ പറയാൻ പറ്റും? (പേജ് 101)
19. വിശ്വാസപ്രമാണത്തിൽ പുത്രനെ കുറിച്ച് "സൃഷ്ടിക്കപ്പെടാത്തവനും എന്നാൽ പിതാവിൽ നിന്ന് ജനിച്ചവനും" എന്ന് പറയുന്നു. സൃഷ്ടിക്കപ്പെടുന്നതും ജനിക്കുന്നതും തമ്മിൽ എന്താണ് വ്യത്യാസം? ജനിക്കുന്നതിന് പിതാവ് മാത്രം മതിയോ? (പേജ് 102-104)
20. മറ്റു മതങ്ങളിൽ നിന്ന് വ്യത്യസ്ഥമായി ഈശോ സത്യദൈവമാണെന്നും ഈശോ ഏകരക്ഷകനാണന്നും നമുക്ക് എങ്ങനെ മനസ്സിലാക്കാൻ സാധിക്കും? (പേജ് 105-109)
21. ഈശോയുടെ മരണത്തെക്കുറിച്ചും (ദിവസവും മാസവും) ഈശോയുടെ മുഖഛായയെക്കുറിച്ചും നമ്മുടെ അറിവ് എപ്രകാരമാണ്? (പേജ് 110-111)
22. തിരുഹൃദയരൂപത്തിൽ ഈശോ തന്റെ ഇടതുകൈ തിരുഹൃദയത്തിൽ വയ്ക്കുവാനുള്ള കാരണമെന്ത്? (പേജ് 113-114)
23. യേശു പറയുന്നുണ്ട് എന്റെ രണ്ടാമത്തെ ആഗമനത്തിന് ശേഷമാണ് അന്ത്യവിധിയുണ്ടാവുക എന്ന്, അങ്ങനെയെങ്കിൽ മരിച്ചവർക്ക് വേണ്ടിയുള്ള കർമ്മങ്ങൾ ചെയ്യുന്നതിന്റെ അർത്ഥമെന്താണ്? (പേജ് 117-118)

24. മരണശേഷമുള്ള പൊതുവിധിയും തനതുവിധിയും തമ്മിലുള്ള വ്യത്യാസമെന്ത്? തനതുവിധി, പൊതുവിധി ഇവ എപ്രകാരം ഗ്രാഹ്യമായ രീതിയിൽ അവതരിപ്പിക്കാം? (പേജ് 118-120)
25. വിശുദ്ധർ സ്വർഗ്ഗത്തിൽ ദൈവത്തോടൊപ്പമാണോ? അന്ത്യവിധി സമയത്ത് എല്ലാവരെയും വിധിക്കുമെന്നല്ലേ പറയുന്നത്? (പേജ് 120-121)
26. മരിച്ചുപോയവരുടെ ആത്മാക്കൾ അന്ത്യവിധിവരെ എവിടെയാണ്? (പേജ് 123-125)
27. സ്വർഗ്ഗം, നരകം എന്നിവയുണ്ടോ? എവിടെയാണ്? ശുദ്ധീകരണ സ്ഥലത്തെക്കുറിച്ചുള്ള വിശദീകരണം എപ്രകാരമാണ്? (പേജ് 125-131)
28. ദൈവത്തിന്റെ കരുണകൊണ്ട് മാത്രം സ്വർഗ്ഗം പ്രാപിക്കാൻ സാധിക്കുമോ? (പേജ് 138)
29. മഹത്വീകൃതശരീരമുണ്ടെന്നത് സത്യമാണോ? (പേജ് 144-146)
30. പ്രേതം ഉണ്ടോ ഇല്ലയോ? പ്രേതാലയങ്ങൾ തുറക്കപ്പെട്ടു എന്ന് ബൈബിളിൽ പറയുന്നു. പ്രേതം എന്നൊന്ന് അംഗീകരിക്കാത്ത സാഹചര്യത്തിൽ എന്താണ് ഇതിന്റെ വിശദീകരണം? (പേജ് 152-153)
31. വി. യോഹന്നാൻ 3;13-ൽ മനുഷ്യപുത്രനല്ലാതെ മറ്റാരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല എന്നാണ് പറയുന്നത്. പക്ഷേ ഈശോ മരിക്കുന്നതിനു മുമ്പ് അബ്രാഹം സ്വർഗ്ഗത്തിലാണെന്ന് പറയുന്നതെന്തുകൊണ്ട്? (പേജ് 153-154)
32. മനുഷ്യരുടെ ആത്യന്തിക ലക്ഷ്യം സ്വർഗ്ഗമാണ്. മറ്റു മതസ്ഥർക്കും നിത്യരക്ഷ (സ്വർഗ്ഗം) പ്രാപിക്കാൻ സാധിക്കുമെങ്കിൽ പിന്നെ ക്രിസ്തുമതത്തിനുള്ള പ്രാധാന്യമെന്ത്? മറ്റു മതസ്ഥരുമായുള്ള വിവാഹം നിരുത്സാഹപ്പെടുത്തുന്നതെന്തിന്? (പേജ് 163-164)
33. ദൈവാലയങ്ങളിൽ വിശുദ്ധ കുർബ്ബാനയ്ക്ക് ഉപയോഗിക്കുന്ന വീഞ്ഞ് ഒരു ലഹരി പദാർത്ഥമാണല്ലോ എന്ന അഭിപ്രായം ഉയരുന്നുണ്ട്. ശരിയാണോ? (പേജ് 168-169)
34. അപ്പം മുറിക്കൽ ശുശ്രൂഷയിൽ ഈശോയുടെ മാംസ രക്തങ്ങളാണ് സ്വീകരിക്കുന്നത് എന്ന ക്രിസ്ത്യാനികളുടെ പ്രഖ്യാപനം മനുഷ്യക്കുരുതിയും നരഭോജനവും ആണെന്ന് ആരോപിക്കുന്നവരുണ്ട്. ഈ ആരോപണത്തിനുള്ള മറുപടി എന്താണ്? (പേജ് 169-170)
35. കത്തോലിക്കാസഭയിലെ ഒരംഗത്തിന് ഒരു ദിവസം എത്ര കുർബ്ബാനകളിൽ പങ്കുചേരാം? എത്ര പ്രാവശ്യം കുർബ്ബാന സ്വീകരിക്കാം? (പേജ് 172-173)
36. കുർബ്ബാന മദ്ധ്യേ (സ്തോത്ര കാഴ്ച) പണപ്പിരിവിന്റെ പ്രാധാന്യമെന്ത്? (പേജ് 174-175)
37. കുർബ്ബാനധർമ്മം എന്താണ്? (പേജ് 176-178)
38. ആഘോഷ ദിവസങ്ങളും തിരുനാളുകളും വെള്ളിയാഴ്ചകളിൽ വരുമ്പോൾ മാംസവർജ്ജനത്തിന് ഇളവുനൽകുന്നത് ശരിയല്ല എന്ന് പറയുന്നവർക്ക് നൽകാവുന്ന മറുപടി എന്ത്? (പേജ് 181-182)
39. കുരിശുവരയ്ക്കുമ്പോൾ അതാരംഭിക്കേണ്ടത് വലതു നിന്ന് ഇടത്തോട്ടാണോ? അതോ ഇടതു നിന്ന് വലത്തോട്ടാണോ? (പേജ് 184-185)
40. ഒരു ക്രൈസ്തവന് തന്റെ ജീവിതത്തിൽ സ്വീകരിക്കുന്നതിൽവച്ച് ഏറ്റവും പരിശുദ്ധവും ജീവദായകവുമായ കൂദാശ ഏത്? എന്തുകൊണ്ട്? (പേജ് 187)
41. ധൂപാർപ്പണം ദൈവാരാധനയുടെ ഭാഗമാണ്; അത് വിശുദ്ധരുടെ രൂപത്തിൽ അർപ്പിക്കുമ്പോൾ വിഗ്രഹാരാധനയാകാത്തത് എന്തുകൊണ്ട്? (പേജ് 191-192)
42. കൂദാശാനുകരണങ്ങൾ - പൊതുജനഭക്തി ഇവ തമ്മിലുള്ള വ്യത്യാസമെന്ത്? (പേജ് 194-196)
43. എല്ലാ പാപങ്ങളും എല്ലാ വൈദികർക്കും മോചിക്കാനാവില്ലേ? (പേജ് 197-98)
44. മാമ്മോദീസ സ്വീകരിച്ചാൽ മാത്രമേ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളോ? മാമ്മോദീസാ സ്വീകരിക്കാതെ മരിച്ചുപോകുന്ന കുഞ്ഞുങ്ങൾ സ്വർഗ്ഗത്തിൽ പോകുന്നില്ല എന്ന് പറയുന്നു. അവർക്ക് വേറൊരു സ്ഥലംപോലും ഉണ്ടെന്നു പറയുന്നു. ഇതു ശരിയാണോ? (പേജ് 198-200)
45. ദണ്ഡവിമോചനം എന്നാൽ എന്ത്? പൂർണ്ണദണ്ഡവിമോചനം ലഭിക്കാൻ എന്ത് ചെയ്യണം? (പേജ് 200-201)
46. യേശുവിന്റെ അമ്മ മറിയം അമലോത്ഭവയാണെന്നു പറയുന്നുണ്ടല്ലോ. കാരണമെന്ത്? (പേജ് 207-209)
47. പരിശുദ്ധ കന്യകാമറിയം സ്വർഗ്ഗാരോപിതയായി എന്നതാണ് വിശ്വാസം. യഥാർത്ഥത്തിൽ മാതാവിന് അങ്ങനെ സംഭവിച്ചിട്ടുണ്ടോ? പരിശുദ്ധ മാതാവിന്റെ ശരീരത്തോടുകൂടെയുള്ള സ്വർഗ്ഗാരോപണം സത്യമെങ്കിൽ സ്വർഗ്ഗം എന്ന് പറയുന്നത് ഒരു സ്ഥലമാണോ? അവസ്ഥയാണോ? (പേജ് 210-212)
48. മാതാവിന് ഈശോയെ കൂടാതെ വേറെ മക്കളുണ്ടായിരുന്നില്ലേ? യേശുവിന് സഹോദരന്മാ

രുണ്ട് എന്ന് ബൈബിൾ പറയുന്നു. എന്നിട്ടും മാതാവിനെ കന്യകാമാതാവ് എന്ന് വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്? (പേജ് 214-218)

49. നീതിമാനായി ഒരുവൻപോലുമില്ല എന്ന് ബൈബിൾ പറയുന്നു. പക്ഷേ യൗസേപ്പിതാവിനെ നീതിമാനായി നാം വിശേഷിപ്പിക്കുന്നു. എന്തുകൊണ്ട്? (പേജ് 221-222)

50. ദൈവാലയങ്ങളിലെ തിരുസ്വരൂപ വണക്കം വിഗ്രഹാരാധനയല്ലാതാകുന്നത് എങ്ങനെ? വിശുദ്ധരുടെ വണക്കത്തെപറ്റിയും ദൈവാരാധനയെപറ്റിയും ഉള്ള വ്യത്യാസങ്ങൾ എന്തെല്ലാം? (പേജ് 223-229)

51. കൊത്തുരൂപങ്ങളുടെ നിരർത്ഥകതയെ എടുത്തുകാണിക്കുന്നവർ ചോദിക്കുന്ന മറ്റൊരു ചോദ്യമാണ് കത്തോലിക്കർ കുരിശിനു വലിയ പ്രാധാന്യം നല്കുന്നു. യേശുവിനെ കൊല്ലാൻ ഉപയോഗിച്ച കഴുമരം മാത്രമായ കുരിശിനിത്ര പ്രാധാന്യം കൊടുക്കേണ്ട കാര്യമുണ്ടോ? (പേജ് 229-232)

52. രാജ്യസുരക്ഷയ്ക്കുവേണ്ടി കൊലപാതകം ചെയ്യുന്നത് ശരിയാണോ? (പേജ് 236-239)

53. ദയാവധം സഭ അംഗീകരിക്കുന്നില്ല. അപകടത്തിൽപ്പെട്ട ആളുടെ അവയവങ്ങൾ ദാനം ചെയ്യുന്നതിന് വെന്റിലേറ്ററിൽ നിന്ന് മാറ്റുന്നത് ദയാവധമാണോ? (പേജ് 240-243)

54. വിശുദ്ധ കുർബ്ബാനയിലും മറ്റു തിരുക്കർമ്മങ്ങളിലും പങ്കെടുക്കുമ്പോൾ സ്ത്രീകൾ തലമൂടുന്ന പതിവ് നമ്മുടെ നാട്ടിലുണ്ട്. എന്നാൽ പുരുഷൻമാർ അത് ചെയ്യാറുമില്ല. ഇതിന്റെ ന്യായാന്യായമെന്ത്? (പേജ് 245-247)

55. സഭ എന്തുകൊണ്ട് വനിതാ പൗരോഹിത്യം അനുവദിക്കുന്നില്ല? (പേജ് 251-252)

56. സ്വവർഗ്ഗ വിവാഹത്തെക്കുറിച്ച് സഭയുടെ നിലപാട് എന്ത്? (പേജ് 256-257)

57. മിശ്രവിവാഹത്തിൽ സഭയുടെ നിലപാട്? മിശ്രവിവാഹം എന്തുകൊണ്ട് സഭ പ്രോത്സാഹിപ്പിക്കുന്നില്ല? (പേജ് 258-259)

58. യാക്കോബായ സഭയിലുള്ളവർക്കും സീറോ മലബാർ സഭയിലുള്ളവർക്കും പരസ്പരം വിവാഹം കഴിക്കുവാൻ അനുവാദം ഉണ്ടോ? (പേജ് 259-260)

59. മറ്റു സഭകളുമായി (ഓർത്തഡോക്സ്, സുറിയാനി) വിവാഹബന്ധത്തിലേർപ്പെടുമ്പോൾ വീണ്ടും മാമ്മോദീസ സ്വീകരിക്കേണ്ട ആവശ്യമുണ്ടോ? (പേജ് 261)

60. വിവാഹമോചനം സഭാനിലപാട് എന്താണ്? (പേജ് 265)

**ഈ ചോദ്യങ്ങളിൽ നിന്നും -**

**6 മാർക്കിന്റെ 5 ചോദ്യങ്ങൾ - 6 X 5 = 30 (10 ചോദ്യങ്ങൾ നൽകുന്നതാണ്)**

**10 മാർക്കിന്റെ 3 ചോദ്യങ്ങൾ - 10 X 3 = 30 (5 ചോദ്യങ്ങൾ നൽകുന്നതാണ്)**

## ആസ്പെക്ട് - ഒറ്റ വാക്കിൽ ഉത്തരമെഴുതാനുള്ള ചോദ്യങ്ങൾ

**ഭാഗം - 1**

1. ബൈബിൾ എന്ന പദത്തിന്റെ അർത്ഥം? പുസ്തകങ്ങൾ (P 10)
2. ബൈബിൾ എന്ന പദത്തിന്റെ ഉത്ഭവം ഏത് ഗ്രീക്ക് പദത്തിൽ നിന്നാണ്? ബിബ്ലിയ (P 10)
3. ബൈബിളിന്റെ ഉള്ളടക്കം എന്ത്? ദൈവിക വെളിപാട് (P10)
4. യഹൂദ റബ്ബിമാർ 'പലസ്തീനിയൻ കാനോന' യഹൂദരുടെ ഔദ്യോഗിക ബൈബിളായി തീരുമാനിച്ച കൗൺസിൽ ഏത്? ജാംനിയ കൗൺസിൽ (P12)
5. പഴയ നിയമത്തിലെ 46 പുസ്തകങ്ങളും പുതിയ നിയമത്തിലെ 27 പുസ്തകങ്ങളുമടങ്ങുന്ന ബൈബിൾ ആദ്യമായി അംഗീകരിക്കപ്പെട്ടത് ഏത് കൗൺസിലിൽ വച്ചാണ്?മൂന്നാം കാർത്തേജ് കൗൺസിൽ(P13)
6. ബൈബിളിന്റെ ലത്തീൻ വിവർത്തനം ഏത്? വുൾഗാത്ത (P13)
7. ബൈബിളിന്റെ ഉദ്ദേശ്യം എന്ത്? ദൈവം നല്കുന്ന രക്ഷ മനുഷ്യരെ അറിയിക്കുക. (P13)
8. സർവ്വ മതങ്ങളുടേയും വിശുദ്ധ ഗ്രന്ഥങ്ങളിലെ ഒരു പ്രധാന പ്രമേയം? പാപം (P14)
9. 'ഏദൻ' എന്ന ഹീബ്രു പദത്തിന്റെ അർത്ഥം? ആനന്ദം (P 16)
10. 'പറുദീസ' എന്ന വാക്കിന്റെ അർത്ഥം? നാലു ഭാഗവും അടവാക്കിയ തോട്ടം, രാജാക്കന്മാരുടെ വേട്ട സ്ഥലം (P17)
11. ബൈബിളിലെ നാല് എന്തിനെ സൂചിപ്പിക്കുന്നു? സമഗ്രത (P17)
12. ഏദൻ തോട്ടത്തിലെ കെരൂബുകൾ എന്തിനെ സൂചിപ്പിക്കുന്നു?
    വാഗ്ദാന പേടകത്തിനു മുൻപിലുള്ള കെരൂബുകൾ (P17)
13. 'ഏദന് കിഴക്ക്' എന്ന വിശേഷണം എന്താണ് സൂചിപ്പിക്കുന്നത്? ദൈവസന്നിധിയിൽ നിന്നും അകന്നു പോകുന്നതിനെ (P 20)
14. നോദ് എന്ന വാക്കിന്റെ അർത്ഥം? ഒളിച്ചോടുന്നവൻ, അലയുന്നവൻ, നാടോടി (P 20)
15. നൈനിഷിക സുഖങ്ങൾക്കുവേണ്ടി നിത്യസൗഭാഗ്യം നഷ്ടമാക്കുന്നവരുടെ മുന്നോടി? ഏസാവ് (P22)
16. മനുഷ്യരെ തേടിവരുന്ന ദൈവത്തിന്റെ ഉദ്ദേശ്യം എന്ത്?
    ദൈവ-മനുഷ്യ ബന്ധം പുന:സ്ഥാപിക്കുക (P 23)
17. ദൈവം നല്കുന്ന ശിക്ഷണത്തിന്റെ ലക്ഷ്യം?
    അനുതാപത്തിലേക്കും അനുസരണത്തിലേക്കും എല്ലാവരേയും നയിക്കുക (P 24)
18. പഴയ നിയമത്തിന്റെയും പുതിയ നിയമത്തിന്റെയും പ്രചോദന കർത്താവും രചയിതാവും ആരാണ്?
    ദൈവം (P 27)
19. 'പ്രവചനങ്ങളുടെ മാതാവ്' എന്നറിയപ്പെടുന്ന ഉൽപ്പത്തി പുസ്തകത്തിലെ വാക്യം എത്?
    ഉൽപ്പത്തി 3:15 (P 28)
20. പുതിയ നിയമ കാനോനയിൽ വി. മത്തായിയുടെ സുവിശേഷം ആദ്യം വരാൻ കാരണമെന്ത്?
    ആദിമസഭയിൽ ഏറ്റവുമധികം പ്രചരിച്ചിരുന്നകൊണ്ടും സഭാപിതാക്കന്മാർ ഏറ്റവുമധികം ഉപയോഗിച്ചിരുന്നതുകൊണ്ടും (P 32)
21. ജറുസലെം ദേവാലയത്തിലേയ്ക്ക് ബലിമൃഗങ്ങളെ പ്രവേശിപ്പിച്ചിരുന്ന കവാടം? അജകവാടം (P32)
22. മത്താ 10:34 ൽ 'വാൾ' എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് ഏതർത്ഥത്തിലാണ്? ഭിന്നത (P 41)
23. 'മാമോൻ' എന്ന അറമായ വാക്കിന്റെ അർത്ഥം? ധനം, സമ്പത്ത് (P 43)
24. മനുഷ്യന് നല്കിയ ദൈവസ്നേഹത്തിന്റെ തിരസ്കരണത്തിന്റെ രൂപമാണ്? യൂദാസ് (P 48)

**ഭാഗം - 4**

25. ദൈവത്തിന്റെ ലക്ഷണമെന്ത്? തന്നാൽ താനായിരിക്കുന്നു അനാദിയായിരിക്കുന്നു (P 94)
26. വി. അത്തനേഷ്യസിന്റെ അഭിപ്രായത്തിൽ പിതാവായ ദൈവം ലോകത്തെ ആശ്ലേഷിക്കാൻ നീട്ടിയ രണ്ട് കരങ്ങൾ എതെല്ലാമാണ്? പുത്രനും പരിശുദ്ധാത്മാവും (P 96)
27. പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുറപ്പെടുന്നു എന്ന് പഠിപ്പിച്ച കൗൺസിൽ?
    കോൺസ്റ്റാന്റിനോപ്പിൾ (P 97)
28. 'പെരിക്കൊറേസിസ്' എന്ന വാക്കിലൂടെ വിവക്ഷിക്കുന്നതെന്ത്?
    ഇടയിൽ സ്ഥലമില്ലാത്ത വിധം ചേർന്നിരിക്കുന്ന അവസ്ഥ (P 97)
29. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ ഏത് ചാക്രിക ലേഖനമാണ് ക്രിസ്തുവിന്റെ രക്ഷാകര ദൗത്യത്തിന്റെ പ്രത്യേകതകൾ എടുത്തുപറയുന്നത്? മനുഷ്യരക്ഷകൻ (P 107)
30. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ലോകത്തിന്റെ പരമമായ സത്യം എന്ത്?
    ദൈവപുത്രൻ (P 108)

31. ക്രിസ്തുവിന്റെ രക്ഷാകര രഹസ്യത്തിന്റെയും രക്ഷാകര പദ്ധതിയുടേയും അടിസ്ഥാന ഘടകം എന്ത്?
സഭ (P 108)
32. ഭൂമധ്യ രേഖയ്ക്ക് നേർമുകളിൽ സൂര്യൻ വരുകയും, പകലിന്റെയും രാത്രിയുടെയും ദൈർഘ്യം തുല്യമാവുകയും ചെയ്യുന്ന അവസ്ഥയ്ക്ക് പറയുന്ന പേരെന്ത്? എക്കിനോസ് (P 112)
33. യേശുവിന്റെ അനന്തമായ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും അടയാളമെന്ത്?
തിരുഹൃദയം (P 114)
34. 'സാന്താ' എന്ന വാക്കിന്റെ അർത്ഥം? വിശുദ്ധ (P 115)

## ഭാഗം - 5

35. മരണശേഷമുള്ള തനതുവിധിയോടെ നീതിമാൻമാർ നിത്യവിശ്രമത്തിലേക്കും നീതിരഹിതർ നിത്യ സഹനത്തിലേയ്ക്കും പ്രവേശിക്കുമെന്ന് പഠിപ്പിച്ച സഭാപിതാവ്? വി. ഹിപ്പോളിറ്റസ് (P 119)
36. പാപരഹിതരുടെ ആത്മാക്കൾ മരണസമയത്ത് തന്നെ സ്വർഗ്ഗത്തിൽ എത്തുമെന്ന് പഠിപ്പിച്ച കൗൺസിൽ എത്? രണ്ടാം ലെയോൺസ് കൗൺസിൽ (P 120)
37. തനതുവിധി നടക്കുന്നത് എവിടെവെച്ചാണെന്നാണ് സഭാപണ്ഡിതന്മാർ പഠിപ്പിച്ചിട്ടുള്ളത്?
മരണസ്ഥലത്തുവെച്ച് (P 120)
38. ദൈവം വിശുദ്ധർക്ക് സ്വർഗ്ഗ പ്രവേശനം നല്കിയിരിക്കുന്നത് എന്തിലൂടെയാണ്?
തനതുവിധിയിലൂടെ (P 121)
39. പൊതുവിധിവരെ ആത്മാക്കൾ അബോധനിദ്രയിലാണെന്ന് പഠിപ്പിച്ച പാഷണ്ഡത?
ഹിപ്നോസൈക്കിസം (P 124)
40. മനുഷ്യൻ ദൈവത്തിലും ദൈവം മനുഷ്യനിലും സമ്പൂർണ്ണമായി എത്തിച്ചേരുന്നത് ആരിലൂടെ?
യേശുവിലൂടെ (P 126)
41. ദൈവം മനുഷ്യനെ സമ്പൂർണ്ണമായി സ്വീകരിച്ചതെപ്പോൾ? യേശുവിന്റെ ഉത്ഥാനത്തിലൂടെ (P126)
42. ഹീബ്രുവിൽ പാതാളത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദം ഏത്? ഷെയോൾ (P 127)
43. ഗ്രീക്കിൽ പാതാളത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദം എത്? ഹാദെസ് (P 127)
44. 'ഷെയോൾ, ഹാദെസ്' എന്നീ പദങ്ങളുടെ അർത്ഥമെന്ത്? ഭൂമിക്കടിയിലുള്ള ഗർത്തം (P 127)
45. നന്മ ചെയ്യുതവർ നീതിമാന്മാരായ പൂർവ്വികരുടെ കൂട്ടായ്മയിൽ എത്തിച്ചേരുന്നു എന്ന അർത്ഥത്തിൽ അവരുടെ നിത്യവിശ്രമസ്ഥലത്തെ യഹൂദർ വിളിച്ചിരുന്ന പേരെന്ത്?
അബ്രാഹത്തിന്റെ മടിത്തട്ട് (P 127)
46. യൂദാ രാജാക്കൻമാരായ ആഹാസും മനാസ്സെയും സ്വന്തം മക്കളെ നരബലിയർപ്പിച്ച് മ്ലേച്ഛമാക്കിയ താഴ്വര എത്? ബെൻഹിന്നോം താഴ്വര (P 128)
47. 'ഗെഹന്ന' എന്ന പദത്തെ സുവിശേഷങ്ങളിൽ വിവർത്തനം ചെയ്തിരിക്കുന്നതെങ്ങനെ?
നരകം (P 128)
48. "പിശാചുകൾക്കും തിന്മ പ്രവർത്തിച്ചവർക്കുമായി നൽകപ്പെടുന്ന നരകശിക്ഷ നിത്യമല്ലെന്നു പഠിപ്പിക്കുന്നവരെല്ലാം ശപിക്കപ്പെട്ടവരാകുന്നു" എന്ന് പഠിപ്പിച്ച കൗൺസിൽ?
കോൺസ്റ്റാന്റിനോപ്പിൾ കൗൺസിൽ (P 128)
49. ശുദ്ധീകരണ സ്ഥലത്തിലുള്ള വിശ്വാസം സഭയുടെ വിശ്വാസമായി പ്രഖ്യാപിച്ച കൗൺസിൽ?
രണ്ടാം ലെയോൺസ് കൗൺസിൽ (P 130)
50. 'മാറാനാത്ത' എന്ന പദത്തിന്റെ അർത്ഥം? കർത്താവേ വീണ്ടും വന്നാലും (P 147)
51. മിശിഹായുടെ രണ്ടാമത്തെ ആഗമനത്തെ സൂചിപ്പിക്കുന്ന പദം എന്ത്? പരൂസിയ (P 151)
52. 'പരൂസിയ' എന്ന പദത്തിന്റെ അർത്ഥമെന്ത്? വെളിപ്പെടുത്തൽ (P 151)
53. സുവിശേഷങ്ങളിൽ കാണുന്ന 'പ്രേതാലയം' എന്ന വാക്കിന്റെ അർത്ഥമെന്ത്? ശവകല്ലറ (P 153)
54. ദൈവം നല്കിയ കഴിവുകളെ തിന്മയ്ക്കായി ഉപയോഗിച്ച് പിശാചായി മാറിയ മാലാഖ?
ലൂസിഫർ (P 155)
55. ക്രിസ്ത്യാനിയുടെ ഉത്തരവാദിത്വം എന്ത്?
ഈശോയാണ് ഏകരക്ഷകൻ എന്ന സത്യത്തിന് സാക്ഷ്യം വഹിക്കുക (P 163)

## ഭാഗം - 6

56. സീറോമലബാർ സഭയിലെഏറ്റവും ആഘോഷപൂർവ്വമായ കുർബ്ബാന? റാസാ കുർബ്ബാന (P176)
57. അൾത്താരക്കല്ലിന് (ബലിക്കല്ല്) സുറിയാനി ഭാഷയിൽ പറയുന്ന പേര്? ദെപ്പ (P 180)

58. ജനനം മുതൽ മരണക്കിടക്ക വരെയുള്ള ആത്മീയ യാത്രയിൽ നമ്മോടൊപ്പം ആയിരിക്കുന്നതിനും, നമ്മെ കൈ പിടിച്ച് നടത്തുന്നതിനും, വിശുദ്ധീകരിക്കുന്നതിനും, നമുക്ക് ജീവൻ നല്കുന്നതിനും യേശുസ്ഥാപിച്ച കാണപ്പെട്ട അടയാളങ്ങൾ ഏവ? 7 കൂദാശകൾ (P 187)

59. കൂദാശകളുടെ കൂദാശയായി അറിയപ്പെടുന്ന കൂദാശ? പരി. കുർബ്ബാന (P 187)

60. ഈശോയോടുള്ള സ്നേഹത്തിന്റേയും ഈശോയ്ക്ക് മനുഷ്യ വർഗ്ഗത്തോടുള്ള സ്നേഹത്തിന്റെയും ഏറ്റവും വലിയ പ്രതീകം? ക്രൂശിത രൂപം (P 193)

61. വിശ്വാസി സമൂഹം ദൈവവുമായുള്ള സ്നേഹവും ബന്ധവും പ്രകടമാക്കുന്നതിന് അനുഷ്ടിക്കുന്ന പ്രവർത്തികൾ ഏതെല്ലാം? കൂദാശാനുകരണങ്ങളും ഭക്താനുഷ്ഠാനങ്ങളും (P 194)

62. കൂദാശയുടെ ഫലം നിർണയിക്കുന്നത് എന്താണ്? ഈശോയുടെ ശക്തി (P 195)

63. ഭക്താനുഷ്ഠാനങ്ങൾ ഫലം പുറപ്പെടുവിക്കുന്നതെങ്ങനെ?
പങ്കെടുക്കുന്ന വ്യക്തിയുടെ ആഗ്രഹവും താത്പര്യവും അനുസരിച്ച് (P 195)

64 പൗരസ്ത്യ സഭയുടെ കാനോന അനുസരിച്ച് മെത്രാനുമാത്രം മോചിക്കാൻ അധികാരമുള്ള പാപം ഏത്? ഭ്രൂണഹത്യ (P 197)

65. വിശ്വാസികളുടെ നിത്യ രക്ഷയെ ബാധിക്കും വിധം ഗൗരവതരമായ പാപമേത്?
കുമ്പസാര രഹസ്യം വെളിപ്പെടുത്തുന്നത് (P 197)

66. വൈദികൻ കുമ്പസാര രഹസ്യം വെളിപ്പെടുത്തിയാൽ ആ പാപം മോചിക്കാൻ ആർക്കാണ് അധികാരം? മാർപാപ്പയ്ക്ക് (P 197)

67. ദൈവപുത്ര സ്ഥാനം ലഭിക്കുന്നതും മായാത്ത മുദ്ര പതിക്കുന്നതുമായ കൂദാശ?
മാമ്മോദീസ (P 198)

68. 'ദണ്ഡവിമോചനം' (Indulgence) എന്ന വാക്കിന്റെ അർത്ഥം?
ഇളവുനല്കുക, ദയ കാണിക്കുക (P 200)

## ഭാഗം - 7

69. സഭയുടെ ഔദ്യോഗിക അംഗീകാരമില്ലാത്തതും കാനോനികമല്ലാത്തതുമായ ഗ്രന്ഥങ്ങൾക്ക് പറയുന്ന പേര്? അപ്പോക്രിഫൽ Apocriphal (P 204)

70. എലിസബത്തും സക്കറിയായും താമസിച്ചിരുന്ന സ്ഥലം? ഐൻകാരിം (P 205)

71. മറിയത്തിന്റെ കല്ലറ എന്ന പേരിലറിയപ്പെടുന്ന ദേവാലയം ഇന്ന് സ്ഥിതി ചെയ്യുന്നതെവിടെ?
കെദ്രോൺ താഴ്വരയിൽ ഒലിവ് മലയ്ക്കടുത്ത് (P 206)

72. മറിയം അവസാനകാലം ചെലവഴിച്ചെന്നും അവിടെ വെച്ചാണ് മരണനിദ്ര പ്രാപിച്ചതെന്നും പരമ്പരാഗതമായി വിശ്വസിച്ചു പോരുന്ന സ്ഥലം എത്?
സീയോനിൽ ഡൊർമിഷ്യൻ ആബി എന്നറിയപ്പെടുന്ന ബസിലിക്ക നിൽക്കുന്നിടം (P 206)

73. മറിയത്തിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിച്ചതാര്? എന്ന്?
വി. ഒൻപതാം പിയൂസ് മാർപാപ്പ. 1854 ഡിസംബർ 8 (P 207)

74. "മറിയമെന്ന കന്യക അനുസരണം കാണിച്ചു; ഹവ്വാ എന്ന സ്ത്രീ അനുസരണക്കേടിലൂടെ ശാപം വരുത്തിവച്ചു." ഇത് പറഞ്ഞതാര്? ഇരണേവൂസ് (P 207)

75. 'തെയൊതോക്കോസ്' എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം? ദൈവമാതാവ് (P 208)

76. 'ക്രിസ്തൊതോക്കോസ്' എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം? ക്രിസ്തുവിന്റെ അമ്മ (P 208)

77. "മറിയത്തിന്റെ ശരീരം നിയമപ്രകാരം അടക്കം ചെയ്തെങ്കിലും അത് അപ്രകാരം അവിടെ ആയിരിക്കാനും അഴുകി പോകാനും ദൈവം അനുവദിച്ചില്ല.... ഓ രാജ്ഞിയെ, ദൈവമാതാവേ, അവിടുന്ന് സ്വർഗ്ഗീയ ഭവനത്തിലേക്ക് സത്യമായും സംവഹിക്കപ്പെട്ടു." ഇത് ആരുടെ വാക്കുകൾ?
വി. ജോൺ ഡമഷിൻ (P 211)

78. മറിയം ദൈവത്തോടു ചേർന്ന് ഈ ഭൂമിയിൽ ചെയ്ത പ്രവർത്തനങ്ങൾക്ക് അവളുടെ ഭൗമീക ജീവിതത്തിനുശേഷം ദൈവം നല്കിയ കിരീടം? സ്വർഗ്ഗാരോപണം (P 211)

79. പഴയനിയമത്തിൽ വാഗ്ദാന പേടകം എന്തിന്റെ അടയാളമായിരുന്നു?
ദൈവസാന്നിധ്യത്തിന്റെ അടയാളം (P 226)

80. 'വിഗ്രഹം' എന്ന വാക്കിന്റെ സാമാന്യ അർത്ഥം എന്ത്? ശരീരം, ആകൃതി (P 226)

81 'വിഗ്രഹം' എന്ന വാക്കിന്റെ നിയതാർത്ഥം എന്ത്? സുഖദു:ഖാദികളെ ഗ്രഹിക്കുന്നത് (P 226)

82 അവഹേളനപാത്രമായ കുരിശ് മഹത്വത്തിന്റെ ഭാഗമായി തീർന്നത് എന്നുമുതൽ?
യേശുവിന്റെ മരണം മുതൽ (P 230)

## ഭാഗം - 8

83. ക്രൈസ്തവ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ദൈവികഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ അപരന്റെ ജീവന്റെ ഘാതകനാകുന്നത് ഏത് ദൈവപ്രമാണത്തിന്റെ നേരിട്ടുള്ള ലംഘനമാണ് കൊല്ലരുത് (P 236)
84. ദൈവികസ്വഭാവത്തിന്റെ മൂർത്തീഭാവമായ മനുഷ്യൻ സ്വാർത്ഥമോഹങ്ങളാൽ പ്രേരിതനായി ജീവന്റെ മേൽ കൈവയ്ക്കുമ്പോൾ അത് ഏതൊക്കെ പുണ്യങ്ങൾക്കെതിരാകുന്നു?
നീതി, സ്നേഹം (P 236)
85. സ്വന്തം ജീവനോടുള്ള സ്നേഹം ധാർമ്മികതയുടെ അടിസ്ഥാനമാകയാൽ ഒരു വ്യക്തിയുടെ അവകാശമായുള്ളത് എന്താണ്? സ്വയം പ്രതിരോധം (P 237)
86. എല്ലാ സാഹചര്യങ്ങളിലും ജീവനും സ്വത്തിനും സംരക്ഷണം നല്കുക ആരുടെ ഉത്തരവാദിത്വമാണ്?
രാഷ്ട്രത്തിന്റെ (P 237)
87. നീതിപൂർവ്വകമായി നടത്തുന്ന ഒഴിവാക്കാനാവാത്ത ഒരു യുദ്ധത്തെ വിളിക്കുന്ന പേര്?
ന്യായമായ യുദ്ധം (Just war) (P 238)
88. ഒരു ജനതയുടെയോ രാജ്യത്തിന്റെയോ പാപകരമായ പ്രവർത്തികൾക്കുള്ള ശിക്ഷയോ സ്വയരക്ഷയ്ക്കുള്ള മാർഗ്ഗമോ ആണ് ന്യായമായ യുദ്ധം എന്ന് പറഞ്ഞതാര്?
വി. അഗസ്റ്റ്യൻ (P 238)
89. ദയാവധം ഏത് ദൈവപ്രമാണത്തിന്റെ നേരിട്ടുള്ള ലംഘനമാണ്? കൊല്ലരുത് (P 240)
90. പ്രകൃതി നിയമവും ദൈവിക നിയമവും ഒരുപോലെ തെറ്റെന്ന് ആവർത്തിക്കുന്ന പാപം ഏത്?
ദയാവധം (P 240)
91. ഒരു വ്യക്തിയുടെ ശരീരത്തിന്റെ സമഗ്രതയ്ക്ക് ഭംഗം വരുത്താതെ ചെയ്യേണ്ട നന്മ പ്രവർത്തി ഏത്?
അവയവദാനം (P 242)
92. ശരീരത്തിന്റെയും മനസ്സിന്റെയും ഐക്യവും സമഗ്രതയും നഷ്ടപ്പെടുന്ന അവസ്ഥ ഏത്?
മരണം (P 242)
93. 12 അപ്പസ്തോലൻമാർ എന്തിന്റെ പ്രതീകമാണ്? ഇസ്രായേലിലെ 12 ഗോത്രങ്ങളുടെ (P 249)
94. പുതിയ നിയമത്തിൽ സഭയെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്ന ഗ്രീക്ക് പദം? എക്ലേസിയ (P250)

## ഭാഗം 9

95. സ്ത്രീകളുടെ ശിരോവസ്ത്രം അവരുടെ സൗന്ദര്യം വർദ്ധിപ്പിക്കും, അതിനാൽ അത് ധരിക്കുന്നതാണ് ഉചിതം എന്നെഴുതിയതാര്? തോമസ് അക്വീനാസ് (P 246)
96. വിശുദ്ധരുടെ ആത്മീയ മാതൃകകൾ ലഭിക്കുന്നത് എവിടെ നിന്ന്?
സഭാകൂട്ടായ്മയിൽ നിന്ന് (P 250)
97. ആരാധന വിഷയങ്ങളിൽ ഇന്നു കാണുന്ന സ്ത്രീ പുരുഷ തുല്യത കൊണ്ടുവന്ന നിയമം ഏത്?
1983-ലെ കാനൻ നിയമം (P 253)

## ഭാഗം 10

98. ദൈവത്തിന്റെ പദ്ധതിക്കും പ്രകൃതി നിയമങ്ങൾക്കും സഭയുടെ പഠനങ്ങൾക്കും എതിരായ വിവാഹം? സ്വവർഗ്ഗ വിവാഹം (P 257)
99. കത്തോലിക്കാ വിശ്വാസിയും അകത്തോലിക്കാ ക്രിസ്ത്യാനിയും തമ്മിലുള്ള വിവാഹത്തിന് പറയുന്ന പേര്? മിശ്രവിവാഹം (P 259)
100. കത്തോലിക്കാ വിശ്വാസിയും അക്രൈസ്തവനും തമ്മിലുള്ള വിവാഹത്തിന് പറയുന്ന പേര്?
മതാന്തരവിവാഹം (P 259)

**ഈ ചോദ്യങ്ങളിൽ നിന്നും 20 എണ്ണം പരീക്ഷയ്ക്ക് ചോദിക്കുന്നതാണ്.**

**20 x 2= 40 മാർക്ക്**